**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6008** **25-03-2025 - ൽ മറുപടിയ്ക്ക്**

**ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ, ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | കേരള മാരിടൈം ബോർഡിന് കീഴിലുള്ള നാല് നോൺ മേജർ തുറമുഖങ്ങളിലും ചരക്ക് യാത്ര ഗതാഗതത്തിന് ആവശ്യമായ കപ്പൽ ചാനലിലെ ആഴം, തുറമുഖ വാർഫ്, ക്രെയിനുകൾ, മറ്റ് യന്ത്രസാമഗ്രികൾ, വെയർഹൗസുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കപ്പൽ ചാനലിന്റെ ആഴം വർദ്ധിപ്പിച്ചും, അധികമായി വാർഫുകൾ നിർമ്മിച്ചും കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബേപ്പൂർ തുറമുഖത്തിന്റെ ആഴം കൂട്ടൽ, അഡീഷണൽ വാർഫ് നിർമ്മാണം, കൊല്ലം തുറമുഖത്തിന്റെ ആഴം കൂട്ടൽ, അഡീഷണൽ വാർഫ് നിർമ്മാണം, പൊന്നാനി തുറമുഖത്ത് പുതിയ വാർഫ് നിർമ്മാണം എന്നീ പ്രവർത്തികൾ സാഗർമാല പദ്ധതിയിലൂടെ കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുവാൻ പാരിസ്ഥിതിക ആഘാത പഠനം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാത അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിലേക്ക് പദ്ധതി സമർപ്പിച്ച് 50% സാമ്പത്തിക സഹായം നേടി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | ചെറുകിട-ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവ്വീസ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ചെറുകിട ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവീസ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഈ മേഖലയിലെ ഓപ്പറേറ്റേഴ്‌സ്മാരുമായും ആവശ്യമായ ചരക്ക് ഉറപ്പാക്കുവാൻ വാണിജ്യ സംഘടനകളുമായും വ്യക്തികളുമായും നിരന്തരം ചർച്ചകൾ നടത്തി വരുന്നു. കേരളത്തിലെ 13 നോൺമേജർ തുറമുഖങ്ങളിൽ നാലു തുറമുഖങ്ങളിൽ ചെറുതും ഇടത്തരവുമായ കപ്പലുകൾ എടുക്കാൻ വേണ്ട എല്ലാ പശ്ചാത്തല സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ മൂന്ന് തുറമുഖങ്ങൾക്ക് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന |

| | | | |
|---|---|---|---|
| | | | ഐ.എസ്.പി.എസ് കോഡ് കംപ്ലയൻസ് സർട്ടിഫിക്കറ്റും എമിഗ്രേഷൻ നടത്താൻ വേണ്ട കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസും നേടിയെടുത്തിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിനും ഐസിപി സ്റ്റാറ്റസ് നേടിയെടുക്കാൻ ഉർജ്ജിത ശ്രമം നടത്തിവരുന്നു. മാരിടൈം മേഖല സ്വകാര്യ നിക്ഷേപത്തോടെ കൂടുതൽ വികസിപ്പിക്കുവാനായി ബോർഡിന്റെ കീഴിലുള്ള നാലു നോൺ മേജർ തുറമുഖങ്ങളിലും സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിച്ച് കൂടുതൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. പൊന്നാനിയിൽ ഒരു തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പുതുതായി വികസിപ്പിക്കുവാനും ബോർഡ് സാധ്യത തേടുന്നുണ്ട്. ഇതിലേക്കായി താല്പര്യപത്രം ക്ഷണിക്കുകയും താൽപര്യം പ്രകടിപ്പിച്ച് മുന്നോട്ടുവന്ന സ്വകാര്യ സംരംഭകരുമായി 28/02/2025 ൽ പൊന്നാനിയിൽ വെച്ച് ഒരു ബിസിനസ് മീറ്റ് നടത്തുകയുമുണ്ടായി. ബിസിനസ് മീറ്റിൽ ലഭിച്ച വിവരങ്ങൾ കൂടി കണക്കിലെടുത്ത് തുറമുഖത്തിനായുള്ള ടെൻഡർ നടപടികളുമായി ബോർഡ് മുന്നോട്ടു പോവുകയാണ്. |

സെക്ഷൻ ഓഫീസർ